**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5149** **02-11-2021 - ൽ മറുപടിയ്ക്ക്**

**അഗ്രോ സർവീസ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ നിലവിലുള്ള അഗ്രോ സർവീസ് സെന്ററുകൾ ഏതൊക്കയാണെന്ന് അറിയിക്കാമോ; | (എ) | ചുവടെ ചേർക്കുന്ന നാല് അഗ്രോ സർവീസ് സെന്ററുകളാണ് കാസർഗോഡ് ജില്ലയിൽ നിലവിലുള്ളത്. 1) കാഞ്ഞങ്ങാട് ബ്ലോക്കിലെ പുല്ലൂർ പെരിയ അഗ്രോ സർവീസ് സെന്റർ. 2) മഞ്ചേശ്വരം ബ്ലോക്കിലെ വോർക്കാടി തുളുനാട് അഗ്രോ സർവീസ് സെന്റർ. 3) നീലേശ്വരം ബ്ലോക്കിലെ നീലേശ്വരം അഗ്രോ സർവീസ് സെന്റർ. 4) പരപ്പ ബ്ലോക്കിലെ കിണാനൂർ കരിന്താളം അഗ്രോ സർവീസ് സെന്റർ. |
| (ബി) | കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിന്റെ മലയോര മേഖല കേന്ദ്രീകരിച്ച് പുതിയ അഗ്രോ സർവീസ് സെന്റർ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ മലയോര മേഖലയുടെ കീഴിൽ വരുന്ന കള്ളാർ, കിണാനൂർ കരിന്താളം, കോടോം ബേളൂർ, പനത്തടി എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന പരപ്പ ബ്ലോക്കിനു കീഴിൽ നിലവിൽ കിണാനൂർ കരിന്താളം അഗ്രോ സർവീസ് സെന്റർ പ്രവർത്തിച്ച് വരുന്നു. സാധാരണ രീതിയിൽ ഒരു ബ്ലോക്കിൽ ഒരു അഗ്രോ സർവീസ് സെന്റർ മാത്രമേ അനുവദിക്കാറുള്ളൂ. |

സെക്ഷൻ ഓഫീസർ